കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം

401 [747] ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85 അദ്ധ്യയന വർഷത്തിൽ സർക്കാർ നോംസ് അനുസരിച്ച് സ്ഥലം മാറ്റത്തിന് അർഹതയുള്ള കോളേജ് അദ്ധ്യാപകർ സ്ഥലം മാറ്റം ആവശ്യപ്പെട്ടാലും നൽകരുതെന്നു എന്തെങ്കിലും നിർദ്ദേശം ഡി.സി.ഇ.ക്ക് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, നോംസ് അനുസരിച്ച് സ്ഥലം മാറ്റത്തിന് അർഹതയുള്ള പല അദ്ധ്യാപകരുടെയും അപേക്ഷകൾ പരിഗണിക്കപ്പെടുകയുണ്ടായില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമപ്രകാരം അർഹതയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കാതിരിക്കുവാനുണ്ടായ കാരണം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) അഞ്ചുവർഷത്തിൽ കൂടുതൽ മലബാർ സർവ്വീസുള്ള സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള എല്ലാ കോളേജ് അദ്ധ്യാപകർക്കും തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന നിർദ്ദേശം ഡി.സി.ഇ.ക്ക് നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) നോംസ് അനുസരിച്ച് അഞ്ചുവർഷം മലബാർ സർവ്വീസുള്ള അദ്ധ്യാപകർക്ക് തിരു-കൊച്ചി ഭാഗത്തേക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ടെങ്കിലും അപ്രകാരമുള്ള എല്ലാ പേർക്കും ഒരു വർഷം കൊണ്ട് സ്ഥലംമാറ്റം നൽകിക്കൊള്ളണമെന്നില്ല. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ പരിമിതിയും മറ്റു സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഒരു വർഷംകൊണ്ട് മലബാറിൽ നിന്നും തിരു-കൊച്ചി ഭാഗത്തേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുന്നവർക്കെല്ലാം നൽകുവാൻ സാധിച്ചെന്നുവരില്ല.

കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം

402 [748] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം നടത്തിയത് 27–2–1973–ലെ ആർ.ടി. 286/73/ഇ.ഡി.എൻ. എന്ന സർക്കാർ ഉത്തരവിലെ നോംസ് അനുസരിച്ചാണോ;

(ബി) അല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിൽ പറയുന്ന നോംസ് അനുസരിച്ച് അർഹരായ ആരുടെയെല്ലാം അപേക്ഷകൾ പരിഗണിക്കാതിരുന്നുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഇ) നോംസ് അനുസരിച്ച് സ്ഥലംമാറ്റം നൽകുമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ സഭയിൽ നൽകിയ ഉറപ്പനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) നടപടികൾ ഇതുവരെയും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തി, കാലതാമസം വരുത്തിയവരുടെ മേൽ യുക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) അർഹതയുള്ള എല്ലാ അപേക്ഷയും പരിഗണിച്ചുവെങ്കിലും തിരുവനന്തപുരത്ത് ഒഴിവില്ലാതിരുന്നതുകൊണ്ട് കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജിലെ മലയാളം ലക്ചറർ ശ്രീമതി ഐഷാ ബീവി, കാസർകോഡ് ഗവൺമെൻറ് കോളേജിലെ ബോട്ടണി ലക്ചറർ ശ്രീമതി വിമല എന്നിവർക്ക് സ്ഥലംമാറ്റം നൽകാൻ കഴിഞ്ഞിരുന്നില്ല.

നേരത്തേ നൽകിയ ഉറപ്പനുസരിച്ച് ശ്രീമതി ഐഷാ ബീവിക്ക് സ്ഥലം മാറ്റം നൽകിക്കഴിഞ്ഞു.

(ഇ) ശ്രീമതി വിമലയുടെ കാര്യം പരിഗണിച്ചുകൊണ്ടിരിക്കുന്നു.

(എഫ്) ഉദിക്കുന്നില്ല.

കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ

403 [749] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1985–86 വിദ്യാലയ വർഷാരംഭത്തിന് മുൻപ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച ഏതെങ്കിലും ഉത്തരവുകൾ ഇനിയും നടപ്പിലാക്കാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ ഏതെല്ലാം; അവയുടെ നമ്പരും തീയതിയും വ്യക്തമാക്കുമോ;

(സി) അവ നടപ്പിലാക്കാതെയിരിക്കുന്നതിനുള്ള കാരണം എന്ത്; ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ ഉത്തരവുകൾ ഉടനെ നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly